എ.വൈ.ആർ

സൂറ-12

# യൂസുഫ്

1 അലിഫ്-ലാം-റാഅ് – ഇത് സുവ്യക്തമായ വേദ സൂക്തങ്ങളത്രെ.
2 നാം അതിനെ അറബി ഖുർആൻ ആയി അവതരിപ്പിച്ചിരിക്കുന്നു – നിങ്ങൾ നന്നായി ഗ്രഹിക്കേണ്ടതിന്.
3 ഈ ഖുർആൻ ബോധനം ചെയ്യുന്നതിലൂടെ നിനക്ക് അതിസുന്ദരമായ കഥകൾ പറഞ്ഞുതരുന്നത് നാമാകുന്നു. ഇതിനു മുമ്പ് അതെക്കുറിച്ച് നീ തീരെ അജ്ഞനായിരുന്നുവല്ലോ.

الٓرۚ تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْمُبِينِ

إِنَّآ أَنزَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٢﴾

نَحْنُ نَقُصُّ عَلَيْكَ أَحْسَنَ ٱلْقَصَصِ بِمَآ أَوْحَيْنَآ إِلَيْكَ هَٰذَا ٱلْقُرْءَانَ وَإِن

كُنتَ مِن قَبْلِهِۦ لَمِنَ ٱلْغَٰفِلِينَ ﴿٣﴾

تِلْكَ= അ(ഇ)ത് ءَايَٰتُ ٱلْكِتَٰبِ= വേദ സൂക്തങ്ങളാകുന്നു ٱلْمُبِينِ= സുവ്യക്തമായ إِنَّآ= നാം
أَنزَلْنَٰهُ= അതിനെ ഇറക്കി (അവതരിപ്പിച്ചിരിക്കുന്നു) قُرْءَٰنًا= പാരായണം(ഖുർആൻ)ആയിട്ട് عَرَبِيًّا= അറബിയായ (ഭാഷയിലുള്ള)
لَّعَلَّكُمْ تَعْقِلُونَ= നിങ്ങൾ (നന്നായി) ഗ്രഹിക്കേണ്ടതിന് نَحْنُ= നാം ആകുന്നു نَقُصُّ= നാം കഥപറയുന്നു(കഥകൾ പറഞ്ഞു തരുന്നത്)
عَلَيْكَ= നിനക്ക് أَحْسَنَ ٱلْقَصَصِ= കഥകളിൽ ഏറ്റം നല്ലത് (അതി സുന്ദരമായ കഥകൾ)
بِمَآ أَوْحَيْنَآ إِلَيْكَ= നാം നിന്നിലേക്ക് ബോധനം ചെയ്യുന്ന(തിലൂടെ)തുകൊണ്ട് هَٰذَا ٱلْقُرْءَانَ= ഈ ഖുർആനിനെ
وَإِن كُنتَ= തീർച്ചയായും നീ ആയിരുന്നു(വല്ലോ) مِن قَبْلِهِۦ= ഇതിനു മുമ്പ് لَمِنَ ٱلْغَٰفِلِينَ= അശ്രദ്ധരിൽ പെട്ടവൻ(തീരെ അജ്ഞൻ)

**1:** الٓرۚ എന്ന ഒറ്റ അക്ഷരങ്ങൾ അതിനു മുമ്പ് സൂറ ഹൂദിന്റെയും സൂറ യൂനുസിന്റെയും തുടക്കത്തിൽ വന്നിട്ടുള്ളതാണ്. അവയുടെ അർഥത്തെക്കുറിച്ച് അവിടെ പരാമർശിച്ചിട്ടുണ്ട്. ഖുർആനിലെ ഇത്തരം അക്ഷരങ്ങളെ സ്വരവ്യഞ്ജന ശബ്ദങ്ങളായോ, അക്ഷരങ്ങൾ ചേർന്ന പദമായിട്ടോ വായിക്കാവതല്ല. അതായത് الٓمٓ നെ 'അ-ല-മ' എന്നോ 'അലം' എന്നോ പാരായണം ചെയ്തു കൂടാ. അലിഫ്-ലാം-മീം എന്നു തന്നെ പാരായാണം ചെയ്യണം. الف(അലിഫ്) 'അ' എന്ന സ്വരാക്ഷര വർഗത്തിന്റെ പേരാണ്. ل (ലാം) 'ല'കാരത്തിന്റെയും راء (റാഅ്) 'റ'കാരത്തിന്റെയും പേർ. الف (അലിഫ്) എന്നു പറയുമ്പോൾ അകാരാദിസ്വരങ്ങളെല്ലാം അതിൽപെടുന്നു. 'അ'യിൽ 'അ' എന്ന ഉച്ചാരണത്തിൽ 'അ' എന്ന സ്വരം മാത്രമേ പെടൂ. ഇതുപോലെ ل, 'ല' ശബ്ദം മാത്രവും ر, 'റ'കാരം മാത്രവുമാണ്. ലാം, റാഅ് എന്ന അക്ഷര നാമങ്ങൾ ഈ രണ്ടു വ്യഞ്ജനാക്ഷരങ്ങളുടെയും എല്ലാ സ്വരങ്ങളെയും ഉൾക്കൊള്ളുന്നു.

ഖുർആൻ പാഠത്തിന്നാധാരം ലിപിയല്ല ശ്രുതിയാണ് എന്നതിന്റെ തെളിവായി ഇക്കാര്യം ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. ആധാരം ലിപിയാണെങ്കിൽ الٓرۚ എന്നതിനെ 'അൽറ' എന്നോ അലറ എന്നോ പാരായണം ചെയ്യാം. ഈ രണ്ടു പാഠങ്ങളും നിഷിദ്ധമാകുന്നു. അലിഫ്-ലാം-റാഅ് എന്നു തന്നെ വായിക്കണമെന്നാണ് നിയമം. കാരണം അങ്ങനെയാണ് പ്രവാചകനും പിൻഗാമികളായ ആധികാരിക ഖുർആൻ പാഠകരും പാരായണം ചെയ്തിട്ടുള്ളത്. അല്ലാഹു എപ്രകാരമാണോ അവതരിപ്പിച്ചത് അപ്രകാരമാണ് നബി(സ) പാരായണം ചെയ്തിട്ടുള്ളത്. അല്ലാഹു

അവതരിപ്പിച്ച വിധം തന്നെയാണ് പ്രവാചകൻ പാരായണം ചെയ്യുന്നതെന്ന് മലക്ക് ജിബ്‌രീൽ അദ്ദേഹത്തിന്റെ പാരായണം കേട്ട് ഉറപ്പു വരുത്തിയിട്ടുമുണ്ട്.

ഇത് –تِلْكَ– എന്ന പദം സൂചിപ്പിക്കുന്നത് തുടർന്നു വരുന്ന സൂക്തങ്ങളാണ്. ഖുർആൻ, മുഹമ്മദ് നബി സ്വയം കെട്ടിച്ചമച്ചതോ വേദക്കാരിൽനിന്ന് കേട്ടു പഠിച്ചതോ ആയ കഥകളാണ് എന്ന നിഷേധികളുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ടാണ് ഇതു വേദസൂക്തങ്ങളാകുന്നു എന്നു പ്രസ്താവിക്കുന്നത്. വേദ സൂക്തങ്ങളാണെന്നു മാത്രമല്ല, സത്യസന്ധമായി സമീപിക്കുന്നവർക്ക് അക്കാര്യം സുവ്യക്തമാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു مبين എന്ന വിശേഷണത്തിലൂടെ. അതായത് ഈ സൂക്തങ്ങൾ മുഹമ്മദ് നബി(സ) കെട്ടിച്ചമക്കുന്നതല്ല അല്ലാഹുവിങ്കൽനിന്ന് അവതരിച്ചു കിട്ടുന്നതാണ് എന്ന കാര്യം ഇതുവായിക്കുന്നവർക്ക് സ്വയം ബോധ്യമാകുന്നു. ദുരൂഹതയോ ദുർഗ്രാഹ്യതയോ ഇല്ലാത്ത ലളിതവും സരളവുമായ സൂക്തങ്ങളാണിത് എന്നാണ് مبين ന്റെ മറ്റൊരാശയം. ഈ സൂക്തങ്ങൾ സത്യാസത്യങ്ങളും ധർമാധർമങ്ങളും വെളിപ്പെടുത്തി വേർതിരിച്ചു കാണിക്കുന്നതാണ് എന്നും ചില പണ്ഡിതന്മാർ അർഥം കൽപിച്ചിട്ടുണ്ട്. മൂന്നർഥത്തെയും ഉൾക്കൊള്ളുന്നതാണ് പദപ്രയോഗം.

**2:** إِنَّآ أَنزَلْنَـٰهُ ന്റെ നേർ തർജമ 'നാം അതിനെ ഇറക്കി' എന്നാണ്. ഖുർആനിനെക്കുറിച്ച് സൂറ *അൽബഖറ* 91–ാം സൂക്തത്തിൽ أنزل الله അല്ലാഹു ഇറക്കി എന്നും സൂറ *അശ്ശുഅറാഅ്* 193–ാം സൂക്തത്തിൽ نزل به الرّوح الأمين – പരിശുദ്ധാത്മാവ് (ജിബ്‌രീൽ) അതുമായി ഇറങ്ങി– എന്നും സൂറ *മുഹമ്മദ്* 22–ാം സൂക്തത്തിൽ نُـزِّلَ –ഖണ്ഡശയായി ഇറക്കപ്പെട്ടു– എന്നുമാണ് പറയുന്നത്. ഈ പ്രസ്താവനകളെല്ലാം പരാമർശിക്കുന്നത് ഖുർആൻ പ്രവാചകനിലേക്ക് പകർന്ന വഴിയെക്കുറിച്ചാണ്; അതിന്റെ ഉൽഭവത്തെയോ രചനയെയോ കുറിച്ചല്ല. പ്രവാചകനു ലഭിക്കുന്നതിനു മുമ്പേ അഭൗതിക ലോകത്ത് അല്ലാഹുവിന്റെ അചുംബിത രേഖയിൽ –لوح المحفوظ– ൽ ഖുർആൻ ഉണ്ടായിരുന്നതിന്റെ സൂചകമായി ഈ പ്രയോഗങ്ങളെ ചില പണ്ഡിതന്മാർ വിലയിരുത്തുന്നുണ്ട്. നാം (അല്ലാഹു) ഇറക്കി എന്നു പറയുന്നത് സുരക്ഷിത ഫലകത്തി –لوح المحفوظ–ൽ നിന്ന് സമീപ വാനത്തിലേക്ക് –سماء الدنيا– ഖുർആൻ ഒന്നിച്ച് ഇറക്കിയതിനെക്കുറിച്ചാണ്. പിന്നീട് അതത് സന്ദർഭങ്ങൾക്കാവശ്യമായ ഭാഗങ്ങളായി കുറേശ്ശെ കുറേശ്ശെ ജിബ്‌രീൽ(അ) മുഹമ്മദ് നബിക്ക് എത്തിച്ചു കൊടുക്കുകയായിരുന്നു. أنزلناه – نزل به الرّوح الأمين – نُـزِّلَ എന്നീ വാക്കുകളെ അബൂശാമ തന്റെ അൽ മുർശിദുൽ വജീസിൽ ഈവിധം വിശദീകരിച്ചിട്ടുള്ളതായി ഇമാം സുയൂത്വി തന്റെ അൽ ഇത്ഖാൻ ഫി ഉലൂമിൽ ഖുർആനിൽ ഉദ്ധരിക്കുന്നുണ്ട്.

قرآن മുഹമ്മദ് നബിക്ക് അവതീർണമായ വേദത്തിന്റെ പേരാണ്. വായന എന്നും, വായിക്കപ്പെടുന്നത് എന്നും ഇതിനർഥമുണ്ട്. സാധാരണ ഉപയോഗിക്കാറുള്ളത് വായനക്ക് قراءة ഉം വായിക്കപ്പെടുന്നതിന് مقروء ഉം ആണ്. قراءة ഉം مقروء ഉം قرآن ആകുമ്പോൾ അതിന് അധികം, സമൃദ്ധം എന്ന അർഥവും കൂടി ലഭിക്കും. അതായത് ആവർത്തിച്ചുള്ള പാരായണം, നിത്യമന്ത്രം, സദാ മന്ത്രിക്കപ്പെടുന്നത് എന്ന്. വേദത്തിന്റെ വിശേഷണമായി قرآن വരുമ്പോൾ വേദമന്ത്രമെന്നോ നിത്യ പാരായണക്ഷമമായ മന്ത്രത്തിന്റെ വേദമെന്നോ ആകുന്നു വിവക്ഷ. عَرَبِيًّـا എന്നതും ഖുർആനിന്റെ വിശേഷണമാണ്. ഇതിനു രണ്ടു മാനമുണ്ട്. ഒന്ന് ഖുർആൻ നിങ്ങളുടെ, അറബികളുടെ മാതൃഭാഷയിലാണവതീർണമായിരിക്കുന്നത്. അത് സദാ പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുമുണ്ട്. അതുകൊണ്ട് അറബികൾക്ക് ദുർഗ്രാഹ്യമോ അപ്രാപ്യമോ ആയ ഒന്നല്ല ഖുർആൻ. അല്ലാഹു എല്ലാ സമുദായങ്ങളിലേക്കും നിയോഗിച്ചിട്ടുള്ളത് ആ സമുദായത്തിന്റെ ഭാഷയിൽ സംസാരിക്കുന്ന പ്രവാചകന്മാരെയാണ്. وَمَآ أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِۦ لِيُبَيِّنَ لَهُمْ (നാം ഓരോ ദൂതനെയും നിയോഗിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ സമുദായത്തിന്റെ ഭാഷയിൽ മാത്രമാണ്, അദ്ദേഹം ദൈവിക സന്ദേശം അവർക്ക് വിശദീകരിച്ചുകൊടുക്കാൻ – 14:4). ഖുർആൻ അറബിയല്ലാത്ത ഭാഷയിൽ അവതരിപ്പിക്കാതിരുന്നതിന്റെ കാരണം സൂറ *ഫുസ്സ്വിലത്* 44–ാം സൂക്തം ഇങ്ങനെ വിശദീകരിക്കുന്നുണ്ട്:

وَلَوْ جَعَلْنَـٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَـٰتُهُۥٓ ءَا۬عْجَمِىٌّ وَعَرَبِىٌّ

(നാം ഇതിനെ അറബിയല്ലാത്ത ഖുർആൻ ആക്കിയിരുന്നുവെങ്കിൽ അവർ ചോദിക്കുമായിരുന്നു. അതിലെ സൂക്തങ്ങൾ വിശദീകരിക്കപ്പെടാത്തതെന്ത്? വചനം അറബിയിൽ, സംബോധിതരോ അനറബികളും; വിചിത്രം തന്നെ!)

വേദം ഏതെങ്കിലും ഒരു ഭാഷയിൽ അവതരിക്കുന്നതിൽ ആ വേദം ആ ഭാഷക്കാർക്കുമാത്രമുള്ളതാണ് എന്നർഥമില്ല. വർണ ഭാഷാ ദേശ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും വേണ്ടിയാണ് അല്ലാഹു വേദഗ്രന്ഥങ്ങളവതരിപ്പിക്കുന്നത്. ഒരു പ്രവാചകനും മനുഷ്യർ സംസാരിക്കുന്ന എല്ലാ ഭാഷയിലും സംസാരിക്കാനോ വേദ പാരായണം ചെയ്യാനോ ആവില്ല. ഏതെങ്കിലും ഒരു ഭാഷയിലേ കഴിയൂ. അത് വേദം സ്വീകരിക്കുന്ന പ്രവാചകന്റെയും അദ്ദേഹത്തിന്റെ പ്രബോധിതരായ ജനതയുടെയും ഭാഷയായിരിക്കുക എന്നത് പ്രാഥമിക യുക്തിയുടെ താൽപര്യമാണ്. വേദാധ്യാപനം ഇതര ദേശങ്ങളിലും വംശങ്ങളിലും എത്തിക്കുക എന്നത് വേദത്തിന്റെ പ്രഥമ വാഹകരുടെ ചുമതല ആണ്. ഖുർആന്റെ 'അറബിയ്യ്' എന്ന വിശേഷണത്തിന്റെ രണ്ടാമത്തെ മാനം ഖുർആന്റെ അറബി മൂലം മാത്രമാണ്, അല്ലാഹു അവതരിപ്പിച്ച സാക്ഷാൽ ഖുർആൻ എന്നതാണ്. ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും 'ഖുർആൻ' ആകുന്നില്ല. ഇംഗ്ലീഷ് ഖുർആനോ മലയാളം ഖുർആനോ ഇല്ല. ഖുർആൻ ദൈവികമാണ്. പരിഭാഷകൾ മാനുഷികവും. ഖുർആന്റെ അർഥം സ്വന്തം ഗ്രാഹ്യതക്കൊത്തവണ്ണം അവരവരുടെ ഭാഷയിൽ മനുഷ്യർ ആവിഷ്കരിക്കുന്നതാണ് പരിഭാഷകളും വ്യാഖ്യാനങ്ങളും. ഖുർആന്റെ അറബിമൂലം ഉൾക്കൊള്ളുന്ന ആശയങ്ങളോ സൗന്ദര്യങ്ങളോ പൂർണമായി മറ്റൊരു ഭാഷയിലേക്കാവാഹിക്കാൻ ഒരു പരിഭാഷകനും കഴിയില്ല. ഖുർആന്റെ മൂലവും പരിഭാഷയും തമ്മിൽ വസ്തുവും അതിന്റെ നിഴലും പോലുള്ള അന്തരമുണ്ടായിരിക്കും.

എങ്കിലും ഖുർആൻ പരിഭാഷയും വ്യാഖ്യാനവും ഏറെ പ്രയോജനകരവും വിശ്വാസി സമൂഹത്തിന്റെ പൊതുബാധ്യതയുമാകുന്നു. സമൂഹത്തിൽ സാധ്യമാകുന്നവർ ആ ബാധ്യത നിർവഹിക്കേണ്ടതു നിർബന്ധവുമാകുന്നു. ഖുർആന്റെ സന്ദേശങ്ങളും വിധിവിലക്കുകളും മനസ്സിലാക്കുക എന്നതും ഖുർആന്റെ തത്ത്വശാസ്ത്രവും സൗന്ദര്യാംശങ്ങളും പൂർണമായി ഉൾക്കൊള്ളുക എന്നതും രണ്ടു സംഗതികളാണ്. ആദ്യം പറഞ്ഞ കാര്യം എല്ലാവരും ചെയ്യേണ്ടതാണ്. അതിന് ആളുകളെ സഹായിക്കുകയാണ് പരിഭാഷകളുടെയും വ്യാഖ്യാനങ്ങളുടെയും ദൗത്യം. ഖുർആനിക സന്ദേശവും വിധിവിലക്കുകളും സാമാന്യമായി മനസ്സിലാക്കാൻ ഓരോ ഖുർആൻ സൂക്തവും ഉൾക്കൊള്ളുന്ന ദർശനങ്ങളിലും ശാസ്ത്രസത്യങ്ങളിലും ചരിത്രസംഭവങ്ങളിലും സൗന്ദര്യഘടകങ്ങളിലുമെല്ലാം സമ്പൂർണമായ അവഗാഹം നേടണമെന്നില്ല. അതേതായാലും സാധാരണക്കാർക്ക് സാധ്യമാകുന്ന സംഗതിയല്ലെന്ന് സൂറ *ആലുഇംറാൻ* 7–ാം സൂക്തം അസന്നിഗ്ധ

മായി പ്രസ്താവിച്ചിരിക്കുന്നു. ധിഷണാ ശാലികൾക്കും അത സാധ്യമാണെന്നാണ് പണ്ഡിതമതം.

കൂടാതെ ചില ഖുർആൻ സൂക്തങ്ങൾ ഇന്ന് മനസ്സിലാക്കപ്പെടുന്ന അർഥമാവണമെന്നില്ല നാളെ പ്രകാശിപ്പിക്കുന്നത്. ഉദാഹരണമായി, മനുഷ്യവാസത്തിനു യോഗ്യമാം വണ്ണം ഭൂമിയെ വിസ്തൃതമാക്കി എന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. വിസ്തൃതമാക്കി എന്ന അർഥത്തിൽ ഉപയോഗിക്കുന്ന പദങ്ങൾക്ക് 'പരത്തി' എന്നും അർഥം വരുമല്ലോ. ഒരുകാലത്ത് ഭൂമിയുടെ ആകൃതി മെത്തപോലെ പരന്നിട്ടാണെന്നായിരുന്നു ആളുകളുടെ വിചാരം. ഭൂമിയെ വിസ്തൃതമാക്കി എന്ന ഖുർആനിക പ്രസ്താവനയെ അതിന്റെ സാക്ഷ്യമായി ചിലർ കരുതി. പിന്നീട് ശാസ്ത്രം ഭൂമി ഗോളാകൃതിയിലാണെന്നു തെളിയിച്ചു. അപ്പോഴാണ് 'ഭൂമിയെ വിസ്തൃതമാക്കി' എന്ന വാക്യത്തിലൂടെ ഖുർആൻ ആവിഷ്കരിക്കുന്നത് അതിന്റെ നിവാസ യോഗ്യതയെയാണെന്നും ആകൃതിയെ അല്ലെന്നും പലരും മനസ്സിലാക്കിയത്.

വേദത്തെ നിത്യപാരായണക്ഷമവും അറബിഭാഷയിലുള്ളതും ആക്കി -قُرْءَانًا عَرَبِيًّا- എന്നത് ഖുർആനിന്റെ -مبين- സുവ്യക്തമായത് എന്നതിന്റെ വിശദീകരണമാണ്. നിത്യപാരായണത്തിനുതകും വണ്ണം സരളമാണത്. എവിടെയും കേൾക്കാം. എപ്പോഴും പാരായണം ചെയ്യാം. സംബോധിതർക്കു പരിജ്ഞാനമുള്ള അറബി ഭാഷയിലായതുകൊണ്ട് ദുർഗ്രാഹ്യതക്കും പഴുതില്ല. ഖുർആൻ ഇങ്ങനെ സുവ്യക്തവും സരളവുമാക്കിയതിന്റെ ലക്ഷ്യമാണ് لَّعَلَّكُمْ تَعْقِلُونَ എന്ന വാക്യത്തിലൂടെ ഉണർത്തുന്നത്.

**3:** അന്വേഷകർക്കുള്ള മറുപടി എന്ന നിലയിൽ ആമുഖമായി അവരുടെ ചോദ്യത്തിന്റെ മർമം സ്പർശിച്ചിരിക്കുകയാണീ സൂക്തത്തിൽ. താൽപര്യമിതാണ്: ഇക്കൂട്ടരുടെ അന്വേഷണത്തിന്റെ ലക്ഷ്യം പ്രവാചകനെ പരീക്ഷിക്കുകയാണ്. പ്രവാചകൻ ഖുർആൻ സൂക്തങ്ങളായി അവതരിപ്പിക്കുന്ന കഥകൾ അദ്ദേഹത്തിന്റെ ഭാവനാ വിലാസമോ അല്ലെങ്കിൽ പ്രചാരത്തിലുള്ള ഐതിഹ്യങ്ങളിൽനിന്ന് ക്രോഡീകരിച്ചതോ ആണെന്ന് അവർ സംശയിക്കുന്നു. തികച്ചും അസ്ഥാനത്താണാ സംശയം. സ്രഷ്ടാവായ അല്ലാഹു നേരിട്ടാണ് ദിവ്യബോധനത്തിലൂടെ ഈ ഖുർആനും അതിലെ സൽകഥകളും പ്രവാചകനെ പഠിപ്പിക്കുന്നത്. ദിവ്യബോധനം ലഭിക്കുന്നതിന് മുമ്പ് അദ്ദേഹം ഇത്തരം ചരിത്രങ്ങളെക്കുറിച്ചെല്ലാം തികച്ചും അജ്ഞനായിരുന്നു. ഈ വസ്തുത തന്നെ അദ്ദേഹം വെളിപ്പെടുത്തുന്ന കാര്യങ്ങൾ ദിവ്യവെളിപാടിലൂടെ ലഭിച്ചതാണെന്നതിന് തെളിവാകുന്നു.

نَقُصُّ എന്ന പദം قصة (കഥ) എന്ന പദത്തിൽനിന്നുള്ള വർത്തമാന ക്രിയയാണ്. قصةയുടെ ബഹുവചനമാണ് قصص. ഖിസ്സയുടെ അർഥധ്വനികൾ *ഖുർആൻ ബോധനം അന്നിസാഅ്* 164–ാം സൂക്തത്തിന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. أَحْسَنَ الْقَصَصِ ന്റെ ഭാഷാർഥം കഥകളിലേറ്റം നല്ലത് എന്നാണ്. ഖുർആനിലെ എല്ലാ കഥകളും സുന്ദരങ്ങളായതുകൊണ്ട് ഖുർആൻ മുഴുവൻ أَحْسَنَ الْقَصَصِ ആകുന്നു. യൂസുഫ് ഖിസ്സയെ ഇവിടെ പ്രത്യേകം ഉദ്ദേശിച്ചിട്ടുണ്ടാവാം. സംഭവപരിണാമങ്ങളെ സമുചിതമായ വാക്കുകളിൽ സരസമായി ആവിഷ്കരിക്കുമ്പോഴാണല്ലോ കഥ സുന്ദരമാകുന്നത്. അത്തരം ധാരാളം സംഭവങ്ങൾ ഈ കഥയിലുണ്ട്. എങ്കിലും കഥാ സന്ദർഭങ്ങളുടെ ആവിഷ്കാര രീതിയുടെ ബാഹ്യ സൗന്ദര്യത്തെക്കാൾ ഇവിടെ പ്രസക്തമായിട്ടുള്ളത് അനുവാചക ഹൃദയങ്ങളിൽ അതുളവാക്കുന്ന അനുഭൂതിയുടെ സൗന്ദര്യമാണ്. കഥാവിഷ്കാരങ്ങളിൽ അനുവാചകനെ വികസിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ഘടകം അതാണല്ലോ. ■